


## ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*




**MANAGEMENT**
**മാനേജ്മെന്റ്**

# വളരാൻ പുറത്തേക്ക് പോകൂ!

### റീറ്റെയ്ൽ മേഖലയിൽ വിപുലീകരണം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കഴിഞ്ഞ ഒരു വർഷമോ അതിലേറെയോ ആയി റീറ്റെയ്ൽ മേഖലയിൽ മുമ്പ് അനുഭവിച്ചിരുന്നു എന്ന തോന്നലുണ്ടാക്കുന്ന കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. 2016ലെ നോട്ട് അസാധുവാക്കലിന് ശേഷം കേരള സമ്പദ്‌വ്യവസ്ഥ മാന്ദ്യം നേരിടുമെന്ന് വിശ്വസിച്ചിരുന്ന ഞാൻ, കേരളത്തിലെ വിപുലീകരണത്തിന് പകരം ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിൽ ശ്രദ്ധിക്കാൻ എന്റെ ഇടപാടുകാരെ ഉപദേശിക്കുകയും ചെയ്തു.

2017ൽ ജി.എസ്.ടി നടപ്പാക്കുകയും 2018ൽ സംസ്ഥാനത്ത് മഹാപ്രളയം ഉണ്ടാകുകയും ചെയ്തതിനു ശേഷം കേരളത്തിന്റെ സാമ്പത്തിക മേഖല സ്തംഭിക്കുമെന്ന് വിശ്വസിച്ച ഞാൻ വായ്പകൾ കുറച്ചും, ലാഭം കൂട്ടുന്നതിനായി റെഡി ക്യാഷ് പർച്ചേസിലേക്ക് മാറിയും ബിസിനസ് ശക്തിപ്പെടുത്താൻ ഇടപാടുകാരെ ഉപദേശിച്ചു.



## എളുപ്പം ജി.സി.സി രാജ്യങ്ങൾ

2019ലെ രണ്ടാമത്തെ പ്രളയവും കോവിഡിനെ തുടർന്നുള്ള 2020ലെ ലോക്ക്ഡൗണും ഉണ്ടായപ്പോൾ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ ചുരുങ്ങി തുടങ്ങിയെന്ന് വിശ്വസിച്ചിരുന്ന ഞാൻ ഇടപാടുകാരോട് കേരളത്തിലെ ബിസിനസ് വിപുലീകരണം നിർത്തിവെച്ച് രാജ്യാന്തര തലത്തിൽ, പ്രത്യേകിച്ച് ജി.സി.സി രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉപദേശിച്ചു. ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനേക്കാൾ നമുക്ക് എളുപ്പം ജി.സി.സി രാജ്യങ്ങളാണ്.

ഇതേ കാലയളവിൽ കേരളത്തിൽ ബിസിനസ് വിപുലീകരണം നടത്തുന്നതിന് എന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി നിരവധി ഇടപാടുകാർ എന്നെ സമീപിച്ചിരുന്നു. അവർക്കും ഇതേ ഉപദേശമാണ് ഞാൻ നൽകിയിരുന്നത്.

എന്നിരുന്നാലും അവരിൽ പലരും എന്റെ ഉപദേശത്തോട് യോജിച്ചില്ല. എന്റെ വീക്ഷണങ്ങളോട് യോജിച്ചു പോകുന്ന ഇടപാടുകാരോടൊത്ത് മാത്രമെ ജോലി ചെയ്യാനാകൂ എന്നതിനാൽ അവരുമായി പ്രവർത്തിക്കാൻ എനിക്കാവുമായിരുന്നില്ല.

## കേരള സമ്പദ്‌വ്യവസ്ഥ

സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ ചുരുങ്ങിക്കൊണ്ടിരിക്കുകയാണെന്നും അടുത്ത കുറച്ചു വർഷത്തേക്ക് അത് ചുരുങ്ങിക്കൊണ്ടിരിക്കുമെന്നും മിക്ക സംരംഭകർക്കും വ്യക്തമായതായി ഞാൻ കരുതുന്നു. കഴിഞ്ഞ ഒരു വർഷത്തിലേറെയായി നിരവധി ക്ലയ്ന്റുകൾ എന്റെ അരികിലെത്തി. അവരിൽ ഭൂരിഭാഗവും ബിസിനസ് വളർത്തുന്നതിനായി എന്റെ സേവനം ആവശ്യപ്പെട്ട് എത്തിയ റീറ്റെയ്ൽ ശൃംഖലകളായിരുന്നു.

കേരളത്തിലെ ബിസിനസ് വിപുലീകരണം നല്ല ആശയമല്ലെന്ന് വ്യക്തമായ ധാരണയുള്ളവരായിരുന്നു അവരിൽ പലരും. കേരളത്തിന് പുറത്ത്, പ്രത്യേകിച്ച് രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ ബിസിനസ് വ്യാപിപ്പിക്കാനായിരുന്നു അവരുടെ ആഗ്രഹം.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ കുറിച്ചുള്ള എന്റെ കാഴ്ചപ്പാടുകൾ ഇതാണ്;

നോട്ട് അസാധുവാക്കലിനും ജി.എസ്.ടി നടപ്പാക്കലിനും ശേഷം വളർച്ച ഉത്തേജിപ്പിക്കുന്നതിനുള്ള ഉചിതമായ നയങ്ങൾ കേന്ദ്ര സർക്കാർ നടപ്പാക്കുന്നതു വരെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ മന്ദഗതിയിലായിരിക്കുമെന്ന് ഞാൻ വിശ്വസിച്ചിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ, രാജ്യത്ത് വൻതോതിൽ വിപുലീകരണം ലക്ഷ്യമിട്ട എന്റെ ഇടപാടുകാരോട് ഇന്ത്യയിലെ വിപുലീകരണത്തിന്റെ വേഗത കുറയ്ക്കാനും രാജ്യാന്തര തലത്തിൽ വിപുലീകരണം നടത്തി സന്തുലിതാവസ്ഥ നിലനിർത്താനും ഉപദേശിച്ചു.

## ഭൂരിഭാഗവും റീറ്റെയ്ൽ ശൃംഖലകൾ

2020ലെ ലോക്ക്ഡൗണിന് ശേഷം കേന്ദ്ര സർക്കാർ നടപ്പാക്കിയ നയങ്ങൾ അനുചിതമാണെന്ന് കരുതിയ ഞാൻ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഗണ്യമായ മാന്ദ്യം സംഭവിക്കുമെന്നും അടുത്ത 4-5 വർഷത്തിനുള്ളിൽ സമ്പദ്‌വ്യവസ്ഥയിൽ സ്തംഭനാവസ്ഥ ഉണ്ടാകുമെന്നും വിശ്വസിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ, ഇന്ത്യയിൽ വിപുലീകരണ പദ്ധതികളുള്ള എന്റെ ക്ലയ്ന്റുകളെ ഇന്ത്യയിലുള്ള അവരുടെ വിപുലീകരണം തൽക്കാലം നിർത്തിവെച്ച് രാജ്യാന്തര തലത്തിലേക്ക് ശ്രദ്ധിക്കാൻ ഞാൻ ഉപദേശിച്ചു.

എന്തുകൊണ്ടാണ് വൻ തോതിൽ വായ്പയെടുത്ത് വലിയ വിപുലീകരണ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതെന്ന് എന്നെ സമീപിക്കുന്ന ക്ലയ്ന്റുകളോട് ചോദിച്ചപ്പോൾ ഇന്ത്യ സാമ്പത്തികമായി കുതിക്കുകയാണെന്നും ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയാണെന്നുമാണ് മറുപടി!

ഇന്ത്യയുടെ വളർച്ചയുമായി ബന്ധപ്പെട്ട് രണ്ട് യാഥാർത്ഥ്യങ്ങളുണ്ടെന്ന് തോന്നുന്നു.

മിക്ക സംരംഭകരും വിശ്വസിക്കുന്ന ആദ്യത്തെ യാഥാർത്ഥ്യം എന്തെന്നാൽ ചിത്രം ഒന്നിൽ കാണിച്ചിരിക്കുന്നതു പോലെ ഇന്ത്യ കുതിക്കുകയാണെന്നതാണ്.

*Figure 1: India is Booming*




ഞാൻ വിശ്വസിക്കുന്ന, രണ്ടാമത്തെ യാഥാർത്ഥ്യം ചിത്രം രണ്ടിൽ കാണിച്ചിരിക്കുന്നതു പോലെ ഇന്ത്യ ബുദ്ധിമുട്ട് നേരിടുകയാണ്.

*Figure 2: India is Struggling*




ഇന്ത്യയിൽ വൻതോതിൽ വിപുലീകരണം നടത്താനൊരുങ്ങുന്ന റീറ്റെയ്ൽ ക്ലയ്ന്റുകളുടെ കാര്യത്തിൽ ഒരു 'ദേജാ വൂ'(Dejavu) അവസ്ഥ ഞാൻ നേരിടുന്നുണ്ട്. യാഥാർത്ഥ്യത്തെ കുറിച്ചുള്ള എന്റെ കാഴ്ചപ്പാടും വൻതോതിൽ വായ്പയെടുത്ത് വലിയവിപുലീകരണ പദ്ധതികളുമായി മുന്നോട്ട് പോകുന്നത് വളരെ അപകടകരമാണെന്നും അവരെ പറഞ്ഞു മനസിലാക്കാൻ എനിക്ക് മണിക്കൂറുകൾ ചെലവിടേണ്ടി വന്നേക്കാം.

യാഥാർത്ഥ്യത്തെ കുറിച്ചുള്ള ആദ്യത്തെ കാഴ്ചപ്പാടാണ് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നത് എന്നതുകൊണ്ടു തന്നെ എന്റെ കാഴ്ചപ്പാടിനെ അവർ അംഗീകരിച്ചേക്കില്ല. അങ്ങനെ വന്നാൽ അടുത്ത ഏതാനും വർഷങ്ങൾ അതിന്റെ പ്രത്യാഘാതം നേരിടേണ്ടി വരികയും ചെയ്യും. ■